

*മാതൃഭൂമി, 1948 ജൂൺ 18, പേജ് 3*

# പ്രഭാകരസിദ്ധയോഗി

## ശ്രീ പള്ളത്തുരാമന്റെ പ്രസ്താവന

എറണാകുളം ജൂൺ 14.

**പ്ര**ഭാകരസിദ്ധയോഗിയെപ്പറ്റി മാതൃഭൂമിയിൽ ചേർത്തിരുന്ന റിപ്പോർട്ടിനെ സ്പർശിച്ചുകൊണ്ട് മഹാകവി പള്ളത്ത് രാമൻ പ്രസിദ്ധീകരണത്തിനായി ഒരു കത്തയച്ചു തന്നിരുന്നതിൽ ഇങ്ങനെ പറയുന്നു.

'പ്രഭാകരസിദ്ധയോഗി' എന്ന് പറയപ്പെടുന്ന വ്യക്തിയുമായി എനിക്ക് പറയത്തക്ക പരിചയമില്ല. യാദൃച്ഛികമായി രണ്ട് വർഷങ്ങൾക്കുമുമ്പ് തോട്ടപ്പിള്ളിവെച്ച് സമ്മേളിച്ച ................................. വിദ്യാസംഘവാർഷികത്തിൽവെച്ചാണ് ഞാൻ സ്വാമിജിയെ ആദ്യം കണ്ടത്. സ്വാമിജി സിഗററ്റ് ധാരാളം ഉപയോഗിക്കാറുണ്ട്. ഞാൻ ഒരു ഉറുപ്പികയെടുത്ത് സ്വാമിജിക്ക് കൊടുത്തു. അദ്ദേഹം അത് സംഘം സെക്രട്ടറിയെ സംഭാവനയായി ഏൽപ്പിച്ചു. പിന്നെ കണ്ടത് കഴിഞ്ഞവർഷം പൊൻകുന്നം ബസ്സ്റ്റാന്റിൽവെച്ചാണ്. ഉദ്ദേശം രണ്ടാഴ്ച മുമ്പ് അമ്പലപ്പുഴ ക്ഷേത്രാന്തികത്തിൽ വീണ്ടും കാണുന്നു. സ്വാമിജിയുടെ ശിശു സാധാരണമായ സ്വഭാവവും ഉന്മേഷവും

ഉത്സാഹവും ആണ് എന്നെ അധികം ആകർഷിച്ചത്. കൊച്ചിക്ക് വരുന്നുണ്ടോ എന്ന് ഞാൻ ചോദിച്ചപ്പോൾ സന്തോഷത്തോടെ സമ്മതിച്ചു. അങ്ങനെ ഇവിടെ എത്തിച്ചേർന്നതാണ്. ശനിയാഴ്ച അദ്ദേഹം മടങ്ങുവാൻ ഉദ്ദേശിച്ചു കൊണ്ടിരിക്കുമ്പോഴാണ് മി. വേണുഗോപാലൻ ഇവിടെ വന്നതും അനന്തര സംഭവങ്ങളുണ്ടായതും. സ്വാമിജിയും ഞാനും കൂടി സല്ലപിച്ചുകൊണ്ടിരിക്കുമ്പോൾ പ്രസിദ്ധ നടനായ ശ്രീ തിക്കുറിശ്ശി സുകുമാരൻനായർ എന്നെ കാണുവാൻ ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന്റെ ശ്വശുരഗൃഹമായ സമുദായത്തിൽ കുറുപ്പിന്റെ തറവാട്ടിൽ സ്വാമിജിയെ മൂന്ന് തലമുറകളായി പരദേവതപോലെ ആരാധിച്ചുവരുന്നുണ്ടെന്ന് സ്വാമിസമക്ഷം മി. നായർ പറഞ്ഞു.

സ്വാമിജിയുടെ ഭരത്ഭുതശക്തിയും എനിക്കനുഭവപ്പെട്ടിട്ടില്ല. സ്വാമിജി പറഞ്ഞതിൽ 95 ശതമാനവും എനിക്ക് വിശ്വസിക്കുവാൻ സാധിച്ചിട്ടില്ലെന്ന് 'മാതൃഭൂമി' ലേഖകനോട് ഞാൻ പറയുകയുണ്ടായി. അടുത്തെടുക്കുവാൻ പോകുന്ന ഫിലിമിൽ സ്വാമിജിയെ പ്രവേശിപ്പിക്കണമെന്ന് എനിക്കൊരാഗ്രഹമുണ്ടായിരുന്നു. കാണുന്നതിൽ കവിഞ്ഞ പ്രായമുണ്ടെന്ന് തിരുവിതാംകൂറിലെ ചില മാന്യസുഹൃത്തുക്കൾ എന്നോട് പറഞ്ഞിട്ടുണ്ട്.

സ്വാമിജിക്ക് ഇംഗ്ലീഷ് അറിയാമെന്ന് എനിക്ക് തോന്നുന്നില്ല. സ്വാമിജിയെ ദർശിക്കുവാൻ സ്റ്റേഷനിൽ വന്ന ഒരു തിരുവിതാംകൂർ വിദ്യാർത്ഥി സ്വാമിജി ഏതാനും വർഷംമുമ്പ് നല്ലപോലെ ഇംഗ്ലീഷ് സംസാരിക്കുന്നത് കേട്ടിട്ടുണ്ടെന്ന് പറഞ്ഞതായി ഇൻസ്പെക്ടർ മി. വേണുഗോപാലൻ എന്നോട് പറഞ്ഞു. സ്വാമിജി ഒരു ഹഠയോഗിയായിരിക്കണം സേ. ഫ്രാൻസിസ് എന്നോട് പറഞ്ഞു. മൂത്രവിസർജ്ജനം 8 ദിവസം വരെ ചെയ്തിട്ടില്ലെങ്കിൽ അതൊരു അപൂർവ്വ സംഭവമാണെന്നും അൽപ്പം ക്ഷീണം തോന്നുന്നുണ്ടെങ്കിലും നല്ല പ്രസരിപ്പോലെട സംസാരിക്കുന്നുണ്ട്. ഇന്നലെ അദ്ദേഹത്തെ ആശുപത്രിയിലേക്ക് മാറ്റുമ്പോൾ ഞാൻ കൂടെ ഉണ്ടായിരുന്നു. യാതൊരു അസ്വാസ്ഥ്യവുമില്ലാത്തയാളെ ആശുപത്രിയിലേക്ക് എന്തിന് കൊണ്ടുപോ

കുന്നു. ഞാൻ വരുന്നില്ല എന്ന് സിദ്ധാന്തിച്ചെങ്കിലും സ്റ്റേഷൻ വാസത്തേക്കാൾ സുഖകരമാണെന്നും ഉടനെ വിമോചിപ്പിക്കാമെന്നും മറ്റും പറഞ്ഞു ആശ്വസിപ്പിച്ചയച്ചു.

(സ്വന്തം ലേഖകൻ)

# കൈരളി സ്റ്റുഡിയോയിൽ

എറണാകുളം ജൂൺ 15.

**687** വയസ്സുണ്ടെന്ന് അവകാശപ്പെടുന്ന 'പ്രഭാകരസിദ്ധയോഗി' സ്ഥലത്തെത്തി കൈരളി സ്റ്റുഡിയോയിൽ താമസിച്ചുവരുന്നു. അദ്ദേഹത്തെ സന്ദർശിക്കുവാൻ എത്രയോ അധികം ആളുകൾ അവിടെ ചെന്നുകൊണ്ടിരിക്കുന്നു.

(സ്വന്തം ലേഖകൻ)